PROGRAMME COMMITTEE

# KERALA SCHOOL KALOLSAVAM 2016-17

KANNUR - 2017 JANUARY 16-22

Code No. 215

വിഷയം: സൈബർ ലോകത്ത് മഴ പെയ്യുമ്പോൾ.

## ബ്ലൂപ്രിന്റ്

'ശ'യുടെ അടിയിലൂടെ പാമ്പ് ഇഴഞ്ഞു. 'ദ'യുടെ തോഴിക്ക് നീളം കൂടിയോ? ഞാൻ എന്റെ ഒപ്പ് ഒന്നുകൂടി സൂക്ഷിച്ചു നോക്കി. ഇല്ല, തെറ്റിയിട്ടില്ല. പക്ഷേ, അത് നരച്ചുപോയിരിക്കുന്നു. പാമ്പ് 'ശ'യെ ആകമാനം വരിഞ്ഞുമുറുക്കിയിരിക്കുകയാണ്. ഞാൻ അതിനു താഴെ നീണ്ട ഒരു വര വരച്ചു. ഒരു പുഞ്ചിരിയോടെ മുഖമുയർത്തി.

"ശ്രീവിദ്യ, ഒന്നുകൂടി ആലോചിച്ചിട്ടുപോരേ?" എന്റെ രാജിക്കത്ത് രണ്ടാവർത്തി വായിച്ചുറപ്പിച്ച ശേഷം മാനേജരുടെ കണ്ണുകൾ എന്നിലേക്കു പാഞ്ഞു.

"സർ, ഞാനെല്ലാം തീരുമാനിച്ചുകഴിഞ്ഞു." ശബ്ദത്തിൽ കലർന്ന ദൃഢതയോർത്ത് ഞാനതിശയിച്ചുപോയി.

ഞാൻ സാവധാനം തിരിഞ്ഞുനടന്നു, നഗരത്തിന്റെ ഹൃദയഭാഗത്തുള്ള കമ്പനിയിലെ എഞ്ചിനീയർ എന്ന ബലൂണിന് തുള വീഴ്ത്തിയെന്ന ആശ്വാസത്തോടെ. സഹപ്രവർത്തകരുടെ പിറുപിറുപ്പ് ഞാൻ ശ്രദ്ധിച്ചതേയില്ല. രാജിക്കത്ത് എഴുതാൻ തീരുമാനിച്ച അന്നുമുതൽ ഞാൻ മനസിൽകണ്ട രംഗങ്ങൾ ഓരോന്നോരോന്നായ് സമയത്തെ വിഴുങ്ങുന്നതു കണ്ടപ്പോൾ എനിക്കു ചിരിവന്നു.

സ്പീഡോമീറ്ററിന്റെ സൂചി അമ്പത് കടക്കാൻ മടിച്ചു. പെട്ടെന്ന് പൂജ്യത്തിലേക്ക് അടിതെറ്റിവീണു.

KERALA SCHOOL KALOLSAVAM-2017 PROGRAMME COMMITTEE



റോഡിനരികിൽ ജനക്കൂട്ടം. അന്ന് ശ്രേയ ഷോപ്പിംഗ് മാളിന്റെ ഉദ്ഘാടനമായിരുന്നു. സിനിമാതാരത്തിന്റെ കൂടെ സെൽഫിയെടുക്കാൻ ബഹളം. ഞാൻ ആ ബഹളത്തിലേക്ക് സൂക്ഷിച്ചുനോക്കി. എവിടെയോ കണ്ട ആളുകൾ. അതെ, ഇന്നലെ ഞാൻ കണ്ട ആളുകൾ അവർ തന്നെയാണ്. എഞ്ചിനീയറിംഗ് കോളേജിനു മുന്നിൽ വച്ച് ആത്മഹത്യ ചെയ്ത പതിനെട്ടുവയസുകാരിയുടെ ചോരയിൽ ചവിട്ടിനിന്ന് സെൽഫിയെടുത്ത അതേ ക്യാമറ. സ്പീഡോമീറ്ററിന്റെ സൂചി എൺപത് കടന്നു.

ലൈക്കുകളുടെ എണ്ണം കൂട്ടണമെന്ന ചിന്ത അവരെ പിന്തുടരുന്നുണ്ടായിരിക്കണം. വിരൽത്തുമ്പുകൾ ടച്ച് സ്ക്രീനിനെ ചുംബിക്കുമ്പോൾ പലതിന്റെയും കയറ്റിഞ്ഞുപോകുന്നത് അവർ കണ്ടില്ലായിരിക്കുമോ? ഇനി ഈ നഗരം ഈച്ചകളെക്കൊണ്ട് നിറയും. നിറം മാറുന്ന ഈച്ചകൾ. അവർ പരസ്പരം പിറുപിറുക്കും. ചിലർ ശപിക്കും. മണൽത്തരിയിൽ വരച്ചെടുത്ത ചിത്രങ്ങൾ ഈച്ചകൾ പാറിയ കാറ്റിൽ മാഞ്ഞുകഴിഞ്ഞിരുന്നു. ഞാൻ സ്റ്റിയറിംഗ് വീലിൽ തല വച്ച് അനങ്ങാനാവാതെ ഇരുന്നു. ഞാൻ തീരുമാനിച്ചുകഴിഞ്ഞു, ഒരു നാടിറക്കം.

"മോളേ, സൂക്ഷിക്കണം. മൃഗങ്ങളുണ്ടാകും."

"പക്ഷേ അമ്മേ, അവർ നമ്മളെപ്പോലെ ഇരുകാലിമൃഗങ്ങളല്ലല്ലോ" അമ്മയുടെ മടിയിൽക്കിടന്ന് ഞാൻ പൊട്ടിക്കരഞ്ഞു. തഴമ്പിച്ച വിരലുകളിലൂടെ കവിതകളെ പ്രസവിക്കാൻ എന്റെ ഉള്ളം അതിയായി ആഗ്രഹിച്ചിരുന്നു. സൗമ്യയുടെയും ജിഷയുടെയും മീതെ നിറം മാറിയ ഈച്ചകൾ വട്ടമിട്ടുപറന്നപ്പോൾ എന്റെ വിരലുകൾ അക്ഷരങ്ങളെ ഗർഭം ധരിച്ചു. പക്ഷേ, അവ ചാപിള്ളകളാ

Scanned by CamScanner

KERALA SCHOOL KALOLSAVAM-2017
PROGRAMME COMMITTEE

യിരുന്നു.

"മോളേ, വേണ്ട." പോസ്റ്റുമാൻ പപ്പേട്ടൻ ആവർത്തിച്ചു പറഞ്ഞു.

"കാട്.... അതൊന്നും ശരിയാവില്ല." അയാൾ കൂട്ടിച്ചേർത്തു.

"പപ്പേട്ടാ, എനിക്കിവിടം ഭയമാണ്. മിന്നാമിനുങ്ങുകൾ എനിക്കവിടെ വഴി കാണിച്ചുതരും." ഞാൻ സൗമ്യമായി തുടങ്ങി. കൊഴിഞ്ഞുതുടങ്ങിയ മുടി ചീകി വയ്ക്കാനുപയോഗിക്കുന്ന എന്റെ പിങ്ക് നിറമുള്ള ക്ലിപ്പ് നോക്കി അയാൾ വെറുതെ ചിരിച്ചു.

"ഞാൻ മടങ്ങുന്നു, എന്റെ തറവാട്ടിലേക്ക്...." എന്റെ സ്വരം ഉച്ചത്തിലായോ എന്നൊരു സംശയം.

"അവൾ പണ്ടേ ഇങ്ങനെയാണ്." തിരിഞ്ഞുനടക്കുന്നതിനിടയിൽ അമ്മ പറഞ്ഞത് ഞാൻ കേട്ടു. അപ്പോൾ, അമ്മയുടെ മുഖത്ത് അഭിമാനത്തിന്റെ ചിരി വിരിഞ്ഞത് ഞാൻ വ്യക്തമായി കണ്ടു.

അമ്മ കടൽത്തീരത്ത് വളർന്നതാണ്. മണൽത്തരികളിൽ വീണ് ശ്വാസം കിട്ടാതെ പിടയ്ക്കുന്ന മത്സ്യക്കുഞ്ഞായി അമ്മയ്ക്ക് എന്നെ തോന്നിയിരിക്കാം. അതോ മുക്കുവപ്പാട്ട് അടുത്തടുത്തു വരുന്നതും അമ്മ കേട്ടുകഴിഞ്ഞിരിക്കുമോ? അറിയില്ല.

അഞ്ചു സിമ്മുകളുടെ അമ്മയായ എന്റെ മൊബൈൽ ഫോണിനും ലാപ്ടോപ്പിനും ഞാൻ വിലങ്ങുവച്ചപ്പോൾ അമ്മ പിന്താങ്ങിയിരുന്നു. കൈയിൽ തടഞ്ഞ അഞ്ഞൂറുകളുടെയും ആയിരങ്ങളുടെയും നോട്ടുകൾ വെറും കടലാസുകളായി കത്തിച്ച് ഞാൻ കാറ്റിൽ പറത്തി. സൈബർലോകത്തെ പുതിയ

Scanned by CamScanner

KERALA SCHOOL KALOLSAVAM-2017 PROGRAMME COMMITTEE

ഇരയാവാൻ എനിക്ക് ശക്തിയില്ല. സൈബർലോകത്ത് മഴ പെയ്യുകയാണ്. ആർക്കും മിന്നലേൽക്കാതിരിക്കട്ടെ!

ഞാൻ കാട്ടിലേക്ക് മടങ്ങുകയാണ്. പരമാവധി ഉയരം താണ്ടിയ മരങ്ങൾ വേരുകളെ മറക്കില്ല. എഞ്ചിനീയറിംഗ് പുസ്തകങ്ങൾ മുഴുവൻ പരതി. ഏറുമാടങ്ങളുടെ ബ്ലൂപ്രിന്റ് അതിലൊന്നുമുണ്ടായിരുന്നില്ല.

ആദിമമനുഷ്യരെക്കുറിച്ച് ചരിത്രാധ്യാപകൻ മോഹനൻ മാഷ് എട്ടാം ക്ലാസിൽ പഠിപ്പിച്ചത് ഓർമയുണ്ട്. 'മനുഷ്യൻ' എന്ന വിലാസം കാട്ടിൽ കളഞ്ഞുപോയെന്നത് പറയാൻ മാഷ് വിട്ടുപോയതായിരിക്കുമോ?

പുതിയ ഡിസൈനുകളെക്കുറിച്ചുള്ള പുസ്തകം തപാലിൽ വന്നു കിടക്കുന്നത് ഞാൻ കണ്ടു. 'ശ്രീവിദ്യ, എഞ്ചിനീയർ, നമ്പർ ഇരുപത്തിയാറ്, മൂന്നാം ലൈൻ, മോഡേൺ ഹൗസിംഗ് കോളനി, കോഴിക്കോട്.' അയാൾ വിലാസം കൃത്യമായി എഴുതിയിട്ടുണ്ട്. ഞാൻ അത് മഴുകൊണ്ട് വെട്ടിക്കീറി. പകരം വടിവൊത്ത അക്ഷരങ്ങളിൽ താഴെ എഴുതി: 'ശ്രീവിദ്യ, മനുഷ്യൻ, ഏറുമാടം ഒന്ന്, കണ്ണാന്തോടിനു സമീപം, അരണിക്കാട്.'

Scanned by CamScanner